# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 31 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


---

### പുതുവർഷത്തലേന്ന് ശബരിമലയിൽ ഭക്തസാഗരം

പുതുവർഷത്തിൽ ശബരിമല സന്നിധാനത്ത് അയ്യനെ വണങ്ങാൻ ഭക്തലക്ഷങ്ങൾ എത്തിത്തുടങ്ങി .പമ്പ മുതൽ മരക്കൂട്ടം വരെ പോലീസിന്റെ ജാഗ്രതാ നിയന്ത്രണം പാലിച്ചും മണിക്കൂറുകൾ ക്യൂ നിന്നുമാണ് തീർത്ഥാടകർ പുതു വർഷത്തെ ഭക്തിപൂർവ്വം വരവേൽക്കാൻ എത്തുന്നത്.പതിനെട്ടാംപടിക്ക് താഴെ ആൽത്തറയുടെ സമീപം ലോകത്തിനു നവവത്സരാശംസകൾ നേർന്ന് കർപ്പൂരദീപം തെളിയിച്ചാണ് പോയവർഷം പുതുവത്സരം ആഘോഷിച്ചത്.എന്നാൽ വാദ്യഘോഷങ്ങളും ശരണം വിളികളും മധുരവിതരണവും ഭക്തിഗാനാലാപനവും ഒക്കെയായി ഇത്തവണ കൂടുതൽ പുതുമയാർന്ന പുതുവർഷ വരവേൽപ്പിനാണ് സന്നിധാനം ഒരുങ്ങുന്നത്.പുതുവർഷം പൂക്കളാൽ സമൃദ്ധമാക്കാനുള്ള തയ്യാറെടുപ്പും സജീവമാണ്.

### പുതുവർഷത്തിരക്ക്: ഭക്തർക്ക് തൃപ്തികരമായ ദർശനം ഒരുക്കുമെന്നു ദേവസ്വം ബോർഡ്

പുതുവർഷത്തിൽ സന്നിദാനത്ത് അഭൂതപൂർവ്വമായ തിരക്ക് മുന്നിൽക്കണ്ട് ദർശനത്തിന് കൂടുതൽ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ .അഭിഷേകത്തിന് കാക്കുന്നവർക്ക് ഇരിക്കാൻ കൂടുതൽ കസേരകൾ അനുവദിക്കും .പതിനെട്ടാംപടിക്ക് താഴെ നവവത്സരാശംസകൾ നേർന്ന് ദീപം തെളിയിക്കാനും മധുരം വിളമ്പാനും നിയന്ത്രണം ഏർപ്പെടുത്തില്ലെന്നും അദ്ദേഹം പറഞ്ഞു .പമ്പയിൽ നിന്നും സന്നിധാനത്തേക്കുള്ള എല്ലാ പ്രധാന കേന്ദ്രങ്ങളിലും തീർഥാടകർക്ക് കുടിവെള്ളം ലഭ്യമാക്കും .പമ്പമുതൽ സന്നിധാനം വരെ മാലിന്യമുക്തമാക്കാൻ സന്നദ്ധപ്രവർത്തകർ സജീവമായുണ്ടാകും.ഭക്തരുടെ സുരക്ഷ ഉറപ്പുവരുത്താൻ പോലീസ് സേനയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകുമെന്നും പ്രയാർ ഗോപാലകൃഷ്ണൻ വ്യക്തമാക്കി .

# ഇതര സംസ്ഥാനക്കാർക്ക് തനതുഭക്ഷണം ഈ തീർഥാടന കാലത്ത് തന്നെ

ഇതര സംസ്ഥാനങ്ങളിൽ ഉള്ളവർക്ക് തനതുഭക്ഷണം ഈ തീർഥാടന കാലത്തുതന്നെ ലഭ്യമാക്കുമെന്ന് ദേവസ്വം ബോർഡ് അറിയിച്ചു .ദേവസ്വം അന്നദാന കേന്ദ്രങ്ങളിലാണ് കേരളീയ ഭക്ഷണത്തിന് പുറമെ അതത് സംസ്ഥാനങ്ങളിലെ സസ്യാഹാരം സൗജന്യമായി വിതരണം ചെയ്യുക .ഇതിനു മുന്നോടിയായി പരീക്ഷണാടിസ്ഥാനത്തിൽ രണ്ടു തവണ പുലാവ് തയ്യാറാക്കി നൽകിയിരുന്നു .സന്നിധാനത്തെ അന്നദാനപ്പുരയെ രാജ്യത്തെ ഏറ്റവും മികച്ച അന്നദാനമണ്ഡപമായി മാറ്റാൻ നടപടികൾ സ്വീകരിക്കും .അടുത്ത തീർഥാടനകാലത്ത് 5000 പേർക്ക് ഒരുമിച്ചു ഭക്ഷണം കഴിക്കാവുന്ന തരത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തും . പാചകത്തിനും ഭക്ഷണ വിതരണത്തിനും ആധുനിക സംവിധാനങ്ങൾ ഒരുക്കുമെന്നും ദേവസ്വം ബോർഡ് അറിയിച്ചു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 31 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok

---

### പമ്പാ സംഗമത്തിൽ  തമിഴ്നാട് ,പുതുച്ചേരി മുഖ്യമന്ത്രിമാരും

ശബരിമല  തീർത്ഥാടനകേന്ദ്രത്തിന് പുതിയ മുഖം നൽകാൻ  സംഘടിപ്പിക്കുന്ന പമ്പാ സംഗമത്തിൽ തമിഴ് നാട്, പോണ്ടിച്ചേരി മുഖ്യമന്ത്രിമാർ പങ്കെടുക്കും .പുതുച്ചേരി മുഖ്യമന്ത്രി വി .നാരായണ സ്വാമി, തമിഴ് നാട് മുഖ്യമന്ത്രി ഒ .പനീർസെൽവം എന്നിവർ ക്ക് പുറമെ കർണ്ണാടക ,തെലുങ്കാന ,ആന്ധ്ര,എന്നീ സംസ്ഥാനങ്ങളിലെ മന്ത്രിമാരും   പങ്കെടുക്കും .ജനുവരി എട്ടിന് ഗവർണ്ണർ പി സദാശിവം  സംഗമം ഉദ്ഘാടനം ചെയ്യും .മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനാകും .മന്ത്രിമാരായ കടകം പള്ളി സുരേന്ദ്രൻ ,ജി സുധാകരൻ  പ്രതിപക്ഷ നേതാവ്  രമേശ് ചെന്നിത്തല തുടങ്ങിയവർ പങ്കെടുക്കും .ശബരിമലയെ ദേശാന്തര തീർത്ഥാടന കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ്  തിരുവിതാംകൂർ ദേവസ്വം ബോർഡ്  പമ്പാ സംഗമമെന്ന പേരിൽ ആദ്ധ്യാത്മിക സാംസ്കാരിക സമ്മേളനം  സംഘടിപ്പിക്കുന്നത് .മുപ്പതോളം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കഴിഞ്ഞ വർഷത്തെ സംഗമത്തിൽ പങ്കെടുത്തിരുന്നു.ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിലുള്ള  വിശ്വ അയ്യപ്പ സമ്മേളനം ഫെബ്രുവരിയിലാണ് നടക്കുന്നത് .



## കേരള സർക്കാർ

### ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 31 | 2016 |
| --- | --- |

## ശബരിമല പത്രക്കുറിപ്പ് 3


ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam@gmail.com
Facebook Page: Sabarimalamediacentreiprdgok


### സന്നിധാനത്ത് നിയമസഹായവുമായി ലീഗൽ എയ്ഡ് ക്ലിനിക്

സൗജന്യ നിയമസഹായവുമായി ശബരിമല സന്നിധാനത്ത് ലീഗൽ എയ്ഡ് ക്ലിനിക്. കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെയും ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെയും നിയന്ത്രണത്തിലാണ് ലീഗൽ എയ്ഡ് ക്ലിനിക് പ്രവർത്തിക്കുന്നത്. അയ്യപ്പൻമാരുൾപ്പെടെ ശബരിമലയിലെത്തുന്ന എല്ലാവർക്കും സൗജന്യ നിയമസഹായം ലഭ്യമാക്കുകയാണ് ലീഗൽ എയ്ഡ് ക്ലിനിക്കിന്റെ ലക്ഷ്യം. സന്നിധാനത്തിനു പുറമേ പമ്പയിലും ലീഗൽ എയ്ഡ് ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്.

സ്വന്തം കൈപ്പടയിൽ തയാറാക്കിയ പരാതികൾ ഇവിടെ സമർപ്പിക്കാം. പരാതികൾ പത്തനംതിട്ട സബ് ജഡ്ജ് ആർ. ജയകൃഷ്ണൻ പരിശോധിച്ച് തീർപ്പാക്കും. ഡിസംബർ രണ്ടിന് പ്രവർത്തനമാരംഭിച്ച ലീഗൽ എയ്ഡ് ക്ലിനിക്കിൽ ഇതുവരെ മൂന്നു പരാതികളാണ് ലഭിച്ചിട്ടുള്ളത്. സിറ്റിംഗിനായി സബ്ജഡ്ജ് ആർ. ജയകൃഷ്ണൻ ഡിസംബർ 16ന് പമ്പയിലെയും സന്നിധാനത്തെയും ലീഗൽ എയ്ഡ് ക്ലിനിക്കുകൾ സന്ദർശിക്കും. നിലവിൽ ലഭിച്ചിട്ടുള്ള മൂന്നു പരാതികൾ സബ്ജഡ്ജ് പരിശോധിക്കുകയും പുതിയ പരാതികൾ സ്വീകരിക്കുകയും ചെയ്യും.

നിയമബോധവത്കരണം നൽകുന്നതിന് മലയാളം, ഇംഗ്ലീഷ്,

തമിഴ്, തെലുങ്ക് ഭാഷകളിൽ തയാറാക്കിയ ബ്രോഷറുകൾ ലീഗൽ എയ്ഡ് ക്ലിനിക്കിൽ പ്രദർശിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമേ വീഡിയോ പ്രദർശനവും ക്രമീകരിച്ചിട്ടുണ്ട്. നിയമബോധവത്കരണത്തിനൊപ്പം പമ്പയും സന്നിധാനവും മാലിന്യമുക്തമാക്കി സംരക്ഷിക്കണമെന്ന സന്ദേശവും വീഡിയോയിലൂടെ നൽകിവരുന്നു.  9846700100 എന്ന മൊബൈൽ നമ്പരിൽ 24 മണിക്കൂറും നിയമസഹായം ലഭ്യമാക്കുന്ന സംവിധാനവും ലീഗൽ എയ്ഡ് ക്ലിനിക്കിനുണ്ട്.

## ശബരിമല വിശേഷങ്ങൾ സോഷ്യൽമീഡിയയിൽ

ശബരിമല വാർത്തകൾ, ചിത്രങ്ങൾ, വീഡിയോ തുടങ്ങിയവ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സോഷ്യൽ മീഡിയയിൽ ലഭ്യമാക്കി.  ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മൊബൈൽആപ്പ്, ഫേസ്ബുക്ക്, ട്വിറ്റർ, വാട്സ്ആപ്പ് എന്നിവയിലൂടെയാണ് ശബരിമല വിശേഷങ്ങൾ ജനങ്ങളിലെത്തിക്കുന്നത്. മാധ്യമസ്ഥാപനങ്ങൾക്കു നൽകുന്ന വാർത്താക്കുറിപ്പ്, ഫോട്ടോ, വീഡിയോ ദൃശ്യങ്ങൾ എന്നിവയ്ക്കു പുറമേയാണ് സോഷ്യൽ മീഡിയ മുഖേനയുള്ള സേവനം. പിആർഡിലൈവ് (PRD LIVE) എന്ന മൊബൈൽ ആപ്ലിക്കേഷൻ സ്മാർട്ട് ഫോണിൽ പ്ലേസ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. ശബരിമലപിആർഡി(sabarimalaprd) എന്ന പേജ് ഫേയ്സ്ബുക്കിൽ സെർച്ച് ചെയ്ത് എടുത്തശേഷം ലൈക്ക് നൽകി ഉപയോഗിക്കാം. ട്വിറ്റർ.കോം/പിആർഡിസന്നിദാനം(https://twitter.com/PRDSannidanam) എന്നതാണ് ട്വിറ്റർ ഹാൻഡിൽ.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 31 | 2016 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 4


ഫോൺ : 04735–202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


### മകരവിളക്ക് :സുരക്ഷയൊരുക്കാൻ കൂടുതൽ പോലീസ്

മകരവിളക്കുകാലത്ത് ശബരിമലയിൽ കൂടുതൽ എൻ ഡി സേനയെ വിന്യസിക്കുമെന്ന് സ്പെഷ്യൽ ഓഫീസർ എസ് .സുരേന്ദ്രൻ .തീർഥാടന കാലത്തെ തിരക്ക് പരിഗണിച്ചാണ് സേവനത്തിനു കൂടുതൽ പോലീസിനെ വിന്യസിക്കുന്നതെന്നും ചുമതലയേറ്റ ശേഷം  സന്നിധാനത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ അദ്ദേഹം അറിയിച്ചു.ഇക്കുറി 1800  പോലീസുകാരെയാണ്  വിന്യസിക്കുക.17 ഡി വൈ എസ് പി മാർ ,42 സി  ഐ മാർ ,135 എസ്  ഐ  മാർ  എന്നിവർ സുരക്ഷയ്ക്ക് നേതൃത്വം നൽകും .തിരക്ക് നിയന്ത്രിക്കുന്നതിന് ആവശ്യമെങ്കിൽ നിലവിലുള്ള സംവിധാനങ്ങളിൽ മാറ്റം വരുത്തും.തീർത്ഥാടകരോട് പോലീസ് മാന്യമായ പെരുമാറ്റം ഉറപ്പു വരുത്തുമെന്നും സ്പെഷ്യൽ ഓഫീസർ വ്യക്തമാക്കി .

ജനുവരി 9 വരെ 1530 പോലീസുകാർ ശബരിമലയിലുണ്ടാവും .12 ഡി വൈ എസ് പി മാർ,34 സി ഐ മാർ 130 എസ് ഐ മാർ എന്നിവരുടെ നേതൃത്വത്തിലാണ്  പുതുവർഷത്തലേന്നു മുതൽ 9 വരെ സുരക്ഷ ഉറപ്പുവരുത്തുക.  തീർത്ഥാടകർക്ക് സുഗമമായ ദർശനം സാധ്യമാക്കാനാണ് പോലീസ് ഊന്നൽ നൽകുകയെന്നും സ്പെഷ്യൽ ഓഫീസർ വ്യക്തമാക്കി.

കർണാടകത്തിൽ നിന്നും ആറ് സബ് ഇൻസ്പെക്ടർ മാരുടെ നേതൃത്വത്തിൽ 35 പേരും ആന്ധ്രയിൽ നിന്നും ഒരു ഡി വൈ എസ് പി യുടെയും മൂന്നു സബ് ഇൻസ്പെക്ടർമാരുടെയും നേതൃത്വത്തിൽ 28 പേരും റാപിഡ് ആക്ഷൻ ഫോഴ്സിലെ 105 പേരും എൻഡി ആർ എഫ് ,എം എസ് പി സേനയും  ഉൾപ്പെടെ ശക്തമായ സുരക്ഷസന്നാഹമാണ് ഇക്കുറിയുള്ളത് .

തുടരും...



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 31 | 2016 |



## ശബരിമല പത്രക്കുറിപ്പ് 5


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


---

നിരോധിത ഉത്പ്പന്നങ്ങൾ പിടികൂടി

ശബരിമലയിൽ നിരോധിത ഉത്പ്പന്നങ്ങളായ കോളയും ഹാൻസും പോലീസ് പിടികൂടി .അപ്പാച്ചിമേട്ടിലെ കടയിൽ രഹസ്യമായി സൂക്ഷിച്ചിരുന്ന അയ്യായിരത്തോളം ബോട്ടിൽ  കോളയും സന്നിധാനത്ത് അയ്യപ്പ ഭക്തനിൽ നിന്നും ഹാൻസുമാണ് പിടിച്ചെടുത്തത് .ആവശ്യക്കാർക്ക് രഹസ്യമായി ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുകയായിരുന്നു .പമ്പ മുതൽ സന്നിധാനം വരെ കോളക്കു ഹൈക്കോടതി കഴിഞ്ഞ ദിവസം നിരോധനം ഏർപ്പെടുത്തിയിരുന്നു .മൂന്ന് രൂപാവിലയുള്ള  കോള മുപ്പതു രൂപയ്ക്കാണ് ഇവിടെ വിറ്റിരുന്നത് . രണ്ടു കേസിലും കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിച്ചതായുംഅധികൃതർ അറിയിച്ചു

അവസാനിച്ചു


